പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3657 15.05.2017-ൽ മറുപടിക്ക്

## കണ്ണനാട്ട് - വെല്ലിംഗ്ടൺ ഐലന്റ് പാലം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോൺ ഫെർണാണ്ടസ് | | ശ്രീ. ജി. സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ കണ്ണനാട്ട് - വെല്ലിംഗ്ടൺ ഐലന്റ് പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായി 05-10-2016 തീയതിയിൽ വിളിച്ച ചേർത്ത യോഗത്തിൽ പാലത്തിന്റെ അലൈൻമെന്റ് മാറ്റിയതു സംബന്ധിച്ച് വിശദീകരണം നൽകുവാൻ ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടും പ്രസ്തുത വിശദീകരണം സമർപ്പിക്കാത്തതിന്റെ കാരണം വിശദമാക്കാമോ? | (എ) & (ബി) | വെല്ലിങ്ടൺ ഐലന്റിനേയും (തേവരഭാഗം) ഇടകൊച്ചിയേയും (കണ്ണങ്കാട്ട് പാലം ) ബന്ധിപ്പിക്കുന്ന ഈ പാലത്തിന്റെ മണ്ണ് പരിശോധന മെസ്സേഴ്സ് റൂബി സോഫ്റ്റക് എന്ന സ്ഥാപനം നടത്തുകയും അതനുസരിച്ചുള്ള അലൈൻമെന്റ് പ്ലാൻ തയ്യാറാക്കി അംഗികാരത്തിനായി 2012-ൽ സമർപ്പിക്കുകയും ചെയ്തു. ഈ പ്രൊപ്പോസൽ അനുസരിച്ച് കായലിന്റെ ഒഴുക്കിൽ നിന്ന് 33 ഡിഗ്രി ചരിഞ്ഞാണ് പാലത്തിന്റെ അലൈൻമെന്റ് നിർദ്ദേശിച്ചിരുന്നത്. കൂടാതെ തേവര ഭാഗത്ത് 40 മീറ്ററും കണ്ണങ്കാട്ട് ഭാഗത്ത് 30 മീറ്ററും കായൽ നികത്തേണ്ടതായിട്ടുണ്ടായിരുന്നു. ഈ പ്രൊപ്പോസൽ ഡിസൈൻ വിഭാഗത്തിലേക്ക് 21.03.2012 ൽ ഡിസൈൻ ചെയ്യുന്നതിനായി നൽകുകയും ചെയ്തു. എന്നാൽ ചരിവ് 33 ഡിഗ്രിയിൽ നിന്ന് ചുരുക്കുവാൻ ഡിസൈൻ വിഭാഗത്തിൽ നിന്ന് ആവശ്യപ്പെട്ടതനുസരിച്ച് ആദ്യ പ്രൊപ്പോസലിൽ മാറ്റം വരുത്തി രണ്ടാമത്തെ പ്രൊപ്പോസൽ സമർപ്പിച്ചു. രണ്ടാമത്തെ പ്രൊപ്പോസലിൽ 20 ഡിഗ്രി ചരിവും കണ്ണങ്കാട്ട് ഭാഗത്ത് 30 മീറ്റർ കായൽ നികത്തലുമാണ് ഉണ്ടായിരുന്നത്. ഈ രണ്ട് പ്രൊപ്പോസലുകളിലും കണ്ണങ്കാട്ട് ഭാഗത്ത് 2 വീടുകളും സ്ഥലവും ഏറ്റെടുക്കേണ്ടതായിട്ടുണ്ടായിരുന്നു. കൂടാതെ അമ്പലത്തിന്റെ മുൻവശം ചേർന്നാണ് അപ്രോച്ച് റോഡു വരുന്നത്. ആയതിനാൽ അമ്പലത്തിലേക്ക് പ്രവേശിക്കുന്നതിന് തടസ്സമാവുന്നതിന് തദ്ദേശവാസികളുടെ എതിർപ്പ് ഉണ്ടായിരുന്നു. കായൽ നികത്തേണ്ടി വരുന്നതുകൊണ്ട് മത്സ്യ സമ്പത്ത് കുറയുകയും , മത്സ്യതൊഴിലാളികളെ ബാധിക്കുകയും ചെയ്യും |
| (ബി) | വിശദീകരണം എന്നത്തേയ്ക്ക് ലഭ്യമാക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | | |

എന്ന് മത്സ്യതൊഴിലാളികൾ പരാതിപ്പെടുകയും ചെയ്തു. മാത്രമല്ല തേവര ഭാഗത്ത് കൊച്ചിൻ പോർട്ട്ട്രസ്റ്റ് ആദ്യ അലൈൻമെന്റിൽ ഉള്ളതിനേക്കാൾ കൂടുതൽ സ്ഥലം വിട്ടുതരാനും തയ്യാറായില്ല. ആയതിനാൽ തേവര ഭാഗത്തുള്ള സ്ഥലം സംബന്ധിച്ച് ഒരു മാറ്റവും സാധ്യമല്ലായിരുന്നു. ഇതെല്ലാം കണക്കിലെടുത്ത് രണ്ടാമത്തെ പ്രൊപ്പോസലിൽ മാറ്റം വരുത്തി അമ്പലത്തിന്റെ പുറകിൽ പാലം വന്ന് നില്ക്കുന്ന രീതിയിൽ അലൈൻമെന്റ് ക്രമീകരിച്ചു

ഈ പാലം പണിയുടെ നിർവ്വഹണ ചുമതല തുടക്കത്തിൽ വഹിച്ചിരുന്ന അസിസ്റ്റന്റ് എൻജിനീയറുടേയും, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയറുടേയും, സ്റ്റേറ്റ്മെൻറ് എഴുതി വാങ്ങിയത് ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. ഈ സ്റ്റേറ്റ്മെന്റിൽ മൂന്നാമത്തെ അലൈൻമെന്റ് പ്രകാരം റിക്ലമേഷൻ ആവശ്യമില്ല എന്നും ആദ്യത്തെ പ്രൊപ്പോസലുകളിൽ വരുന്ന രണ്ടു കെട്ടിടങ്ങളുടെ അക്വസിഷൻ ആവശ്യമില്ല എന്നും മുൻപ് വിവരിച്ചിട്ടുള്ള മറ്റു കാര്യങ്ങൾ മൂലമാണ് മൂന്നാമത്തെ പ്രൊപ്പോസൽ അംഗീകരിച്ചതു-മെന്നുമാണ് അറിയിച്ചിട്ടുള്ളത്. അലൈൻമെന്റ് രണ്ടാമത്തെ പ്രൊപ്പോസലിൽ നിന്നും മൂന്നാമത്തെ പ്രൊപ്പോസലിലേക്ക് മാറുവാൻ ഉള്ള സാഹചര്യം സംബന്ധിച്ച ഓഫീസ് രേഖകൾ ഇല്ലാത്തതിനാലാണ് പ്രസ്തുത പ്രവൃത്തി നടന്ന സമയത്ത് മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥരിൽ നിന്നും സ്റ്റേറ്റ്മെന്റ് എഴുതി വാങ്ങിയത്. മൂന്നാമത്തെ പ്രൊപ്പോസലിലും പാലം എത്തിച്ചേരുന്നത് കോർപ്പറേഷൻ റോഡായ മധുരകമ്പനി-കണ്ണങ്കാട്ട് റോഡിൽ ആണ്.

പുതിയ പ്രൊപ്പോസൽ അനുസരിച്ച് കെട്ടിടങ്ങൾ ഏറ്റെടുക്കേണ്ടതില്ല. 2600 ചതുരശ്ര മീറ്റർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്. ഇതിന്റെ ഡി.എൽ.പി.സി. അനുസരിച്ചുള്ള തുക 2.83 കോടി രൂപയാണ്. ഇതിനുള്ള എൽ.സി. പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ട്.

മൂന്നാമത്തെ അലൈൻമെന്റ് പ്രകാരമുള്ള പാലത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇരു വശങ്ങളിലേയും അപ്രോച്ച് റോഡിന്റെ ടാറിംഗ് ഒഴികെയുള്ള പണികൾ പൂർത്തീകരിച്ചിട്ടുണ്ട്. തേവര ഭാഗത്തുള്ള സ്ഥലം കൊച്ചി തുറമുഖ വകുപ്പ് പാലംപണി ആരംഭിക്കുന്നതിനുമുൻപ് ആദ്യം തന്നെ

കൈമാറിയിട്ടുള്ളതാണ്. വീടുകൾ ഒഴിവാക്കുന്നതിനും കായൽ നികത്തൽ ഒഴിവാക്കുന്നതിനും, പാലത്തിന്റെ ചരിവ് കുറയ്ക്കുന്നതിനും പോർട്ട് ട്രസ്റ്റ് അനുവദിച്ച പരിധിക്കുള്ളിൽ നിന്ന് പാലം നിർമ്മിക്കുന്നതിനുവേണ്ടിയാണ് അലൈൻമെന്റിൽ മാറ്റം വരുത്തിയിട്ടുള്ളത്.

S. Bindu

സെക്ഷൻ ഓഫീസർ

**Report on Alignment of the work "Construction of Kannangattu Willington Island Bridge across Kumbalam kayal in Ernakulam District" submitted by Assistant Executive Engineer (Sri P.P Benny) and Assistant Engineer (Smt M.S.Suja) who where in charge of the work during the finalization of the alignment**

Regarding the clarification of the alignment fixed by PWD for construction of the above bridge, in the meeting chaired by the Hon'ble Minister for works was conducted in the presence of Sri. John Fernandez, MLA, Sri. M. Swaraj, MLA with the officials of PWD on 05.10.2016 we may submit the following details

After the investigation work , the alignment of the above bridge was finalized and a proposal was submitted with a skew of 33 degree with the flow of water in the kayal and with a reclamation of kayal for a length of 40m at Thevara side and 30m at Kannangattu side. On submitting this alignment for design, the DRIQ Board instructed to change the alignment avoiding the skew of 33 degree and thus reducing the total length. This direction is given vide letter no BD/11/2012/Design/HW dated 21.04.2012. Based on the direction, the first proposal i.e..., the alignment with a skew of 33 degree was revised and the new proposal submitted limiting the skew to 20 degree. While reducing the skew to 20 degree, at Thevara side, the starting point of the proposed bridge is shifted as minimum as possible. There is reclamation of Kayal for a length of 30m at Kannangattu side in the 2nd proposal. In both 1st & 2nd proposals, there is proposal for acquisition of two residential buildings at Kannangattu side.

At the time of finalization of alignment, the Cochin Port Trust objected for handing over more area of their land from the original proposal and at Kannangattu side, the temple authorities objected to the 2nd proposal since the alignment would make the bridge land in front of the temple. The temple authorities argued that if this project is implemented, the access to the temple will be denied and suggestion was raised for an alternate way along back side of the temple. Without any harm to the temple authorities and taking into consideration the religious sentiments and considering the technical feasibility, the 3rd alignment was proposed. The demand of the Cochin Port Trust, the temple and public and for avoiding reclamation of kayal, the current alignment was approved and design obtained based on the same.

The details of land required at two banks is calculated as follows:

| Proposal | Buildings to be acquired | Kannangattu side | Thevara side (Cochin Port Trust land) | Area to be reclaimed | Total Area |
|---|---|---|---|---|---|
| 1st Proposal (33°skew) | 2 No. | 1800 $m^2$ | 500 $m^2$ | 1200 $m^2$ Thevara + 900 $m^2$ Kannangattu = 2100 $m^2$ | 4400 $m^2$ |
| 2nd Proposal (20° skew) | 2 No | 1800 $m^2$ | 1980 $m^2$ | 900 $m^2$ | 4680 $m^2$ |
| 3rd Proposal | Nil | 3600 $m^2$ | 1260 $m^2$ | Nil | 4860 $m^2$ |

From the above chart, it is clear that the area of reclamation required if the 2nd proposal was accepted is 900$m^2$ and in the 3rd proposal is NIL. Since reclamation of the kayal can lead to severe environmental issues, and in addition 2nd proposal involves the acquisition of two structures and any structural acquisition can cause social impact, the present alignment (behind the temple and auditorium) was finalized.

M.S. Suja

P.P.Benny